ള്ളതും പണം നിക്ഷേപിച്ചിട്ടുള്ളതുമായ പദ്ധതികൾക്ക് സാങ്ഷൻ നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. കാസർകോട്ടെ ഈ സ്ഥാപനവുമായി മുന്നോട്ടുപോകണമെന്ന് ഗവൺമെൻറിന് അങ്ങേയറ്റത്തെ ആഗ്രഹമുണ്ട്. അതിനുവേണ്ടിയുള്ള എല്ലാ നടപടികളും ഗവൺമെൻറ് ചെയ്യുന്നുണ്ട്. ഇക്കാര്യത്തിൽ ഗവൺമെൻറ് യാതൊരു താല്പര്യക്കുറവും കാണിച്ചിട്ടില്ല. കേന്ദ്രഗവൺമെൻറിൻെറ നിബന്ധനകൾക്ക് വിധേയമായതുകൊണ്ടു മാത്രമാണ് ഇത് താമസിച്ചുപോയത്. അതുകൊണ്ട് ഇതിനുള്ള അനുമതി കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു. ഇനി വല്ല പ്രയാസവും ഉണ്ടെങ്കിൽ, ഇതിനെ വല്ല ഡൈവേഴ്സിഫിക്കേഷൻ വഴി, സിൻതെറ്റിക് യാൺ മുതലായവ ആക്കിമാറ്റി കേന്ദ്ര ഗവൺമെൻറിൻെറ നിയന്ത്രണത്തിന് വിധേയമല്ലാത്ത നിലയിൽ കൊണ്ടുപോകാൻ സാധിക്കുമോ എന്ന കാര്യവും സംസ്ഥാന ഗവൺമെൻറ് പരിഗണിച്ചുവരികയാണ്.

(7) നെയ്യാർ ഡാമും പരിസരവും വികസിപ്പിക്കുന്ന നടപടി

ശ്രീ. എസ്. ആർ. തങ്കരാജ്: സർ, നെയ്യാർ ഡാമിൻെറയും പരിസരപ്രദേശത്തിൻെറയും ശോചനീയാവസ്ഥ ബഹുമാനപ്പെട്ട ഇറിഗേഷൻ മിനിസ്റ്ററുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അവിടെ തുടങ്ങിയകാലത്ത് വൈദ്യുതവിളക്കുകൾകൊണ്ടുള്ള ഇല്യൂമിനേഷൻ ഉണ്ടായിരുന്നതുകൊണ്ട് വളരെ മനോഹരമായിരുന്നു. അന്ന് 39 തൊഴിലാളികൾ ഉണ്ടായിരുന്നു. ഇന്ന് അവരുടെയെണ്ണം ശോഷിച്ച് ശോഷിച്ച് പതിനൊന്നിൽ എത്തിയിരിക്കുകയാണ്. അവിടെ യാതൊരു വികസനപ്രവർത്തനങ്ങളും നടത്തുന്നില്ല. ഈ ഡാമും പരിസരപ്രദേശവും വികസിപ്പിക്കുന്നതിനുവേണ്ടി വേൾഡ് ബാങ്കിൻെറയും അതുപോലെതന്നെ നാഷണൽ വാട്ടർ മാനേജുമെൻറ് പ്രോജക്ടിൻെറയും എത്രകോടി രൂപ വേണമെങ്കിലും—ഏകദേശം 100 കോടി രൂപ വരെ കൊടുക്കാൻ തയ്യാറാണ്. ഡൽഹിയിൽ നടന്ന കോൺഫറൻസിൽ (നാഷണൽ വാട്ടർ മാനേജ്മെൻറ് പ്രോജക്ട്) ഉടൻതന്നെ അതിൻെറ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഉറപ്പ് നൽകിയിരുന്നു. എന്നാൽ അതിന് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എൻജിനീയർമാരോ കൂടെയുള്ള മറ്റ് ഉദ്യോഗസ്ഥൻമാരോ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അതിൻെറ പ്രോജക്ട് റിപ്പോർട്ട് കൊടുത്താൽ അടിയന്തിരമായി വേൾഡ് ബാങ്കിൻെറ സഹായം ലഭിക്കുന്നതാണ്. അതിനുവേണ്ട നടപടികൾ സ്വീകരിച്ചുകൊണ്ട് ഈ ഡാമിൻെറയും പരിസരത്തിൻെറയും വികസനത്തിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷിക്കുകയാണ്.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, നെയ്യാർ ഡാമിനെ സംബന്ധിച്ചിടത്തോളം പരിസരം വേണ്ടതുപോലെ പരിരക്ഷിക്കുന്നതിനും, ദീപാലങ്കാരവും, പൂന്തോട്ടവും ശരിയായ രീതിയിൽ സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ ഗവൺമെൻറ് സ്വീകരിച്ചുവരുന്നുണ്ട്. അതിന് ആവശ്യമായ ജീവനക്കാർ കുറവാണ്. പക്ഷേ ഇവിടത്തെ വൈദ്യുതി ലൈനിനെ സംബന്ധിച്ചിടത്തോളം വളരെ പഴക്കം ചെന്ന വൈദ്യുതി ലൈനാണ്. അതുകൊണ്ട് അതൊക്കെ മാറ്റി സ്ഥാപിക്കേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം അതൊക്കെ ഗവൺമെന്റ് പരിശോധിക്കാം. ആവശ്യമായ കാര്യങ്ങളൊക്കെയും ത്വരിതഗതിയിലാക്കാം.

(8) കൊടുമൺ പഞ്ചായത്തിലെ കടവിൽത്തോട്ടം മിച്ചഭൂമി

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള: സർ, അടൂർ താലൂക്കിൽ അങ്ങാടിക്കൽ വില്ലേജിൽ സർവേ 432/2 നമ്പരിൽപ്പെട്ട 25 ഏക്കർ കടവിൻത്തോട്ടം മിച്ചഭൂമി, ഓരോ ഹരിജൻ കുടുംബത്തിനും 50 സെന്റ് വീതം പതിച്ചുകൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചിരുന്നു. ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റിനു മേപ്പടി വസ്തു കൈമാറുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം ഗവൺമെന്റിൽനിന്നും പത്തനംതിട്ട കളക്ടർക്ക് നൽകിയിരുന്നു. അതിനെ തുടർന്ന് വസ്തു അളന്ന് തിരിച്ചുകൊടുക്കണമെന്ന് ഹരിജൻ വെൽഫെയർ ഡയറക്ടർ അടൂർ ആർ. ഡി. ഒ. യോട് ആവശ്യപ്പെട്ടിരുന്നു. ഉത്തരവുകൾക്ക് വിധേയമായി 41 പേർക്ക് നറുക്കെടുപ്പിലൂടെ 50 സെന്റ് വീതം ഭൂമി വിതരണം ചെയ്യാൻ തീരുമാനമുണ്ടായി. 30-10-1985-ൽ ഹരിജൻ വെൽഫെയർ ഓഫീസിൽവെച്ച് ഇവർ ഉടമ്പടിയിൽ ഒപ്പിടുകയും ചെയ്തു. പ്ലോട്ടുകൾ അന്നുതന്നെ അപേക്ഷകർക്ക് അളന്ന് തിരിച്ചുകൊടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചു. അവർ അവിടെയെല്ലാം കുടിലുകൾ കെട്ടി താമസിച്ചു. പക്ഷെ 12-12-1985-ൽ ആർ. ഡി. ഒ. യും വില്ലേജ് ഓഫീസറും തഹസിൽദാരും പേലീസുകാരേയും കൊണ്ടുചെന്ന് അവരുടെ കുടിലുകൾ എല്ലാം പൊളിച്ചുകളഞ്ഞു. അതുകൊണ്ട് ആ ആളുകളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, 25 ഏക്കർ മിച്ചഭൂമി അങ്ങാടിക്കൽ വില്ലേജിൽ ഉണ്ടായിരുന്നു. അത് ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റിലേക്ക് 28-9-1982-ൽ ട്രാൻസ്ഫർ ചെയ്തു. അങ്ങനെ ട്രാൻസ്ഫർ ചെയ്ത ഭൂമി 7-10-1985-ൽ ഹരിജൻ വെൽഫെയർ ഡിസ്ട്രിക്റ്റ് അഡ്വൈസറി കമ്മറ്റി കൂടുകയും അത് കൂടെ ആളുകൾക്കുവേണ്ടി അസൈൻ ചെയ്തു കൊടുക്കുകയും ചെയ്തു. 30-10-1985-ലാണ് അതിനെക്കുറിച്ചുള്ള ഫോർമൽ ഓർഡേഴ്സ് ഇഷ്യൂ ചെയ്തത്. അതിനുശേഷം ഇതിനെ സംബന്ധിച്ച് ചില പരാതികൾ വരുകയും ആക്ഷേപം ഉയർന്നുവരുകയും ചെയ്തു. ആ പരാതികളുണ്ടായ അതേ സന്ദർഭത്തിൽ തന്നെ ഹൈക്കോടതിയിൽ ഒരു റിട്ട് പെറ്റീഷൻ ഫയൽ ചെയ്യപ്പെട്ടു. അതിനുശേഷം ആ റിട്ട് പെറ്റീഷൻ തള്ളിക്കളഞ്ഞിട്ടുണ്ട്. ഇതിനിടയിൽ ഗവൺമെന്റിന് ചില പരാതികൾ കിട്ടിയതിന്റെ അടിസ്ഥാനത്തിൽ 1-1-1986-ൽ ഗവൺമെന്റ് ട്രൈബൽ വെൽഫെയർ ഡിപ്പാർട്ടുമെന്റ് എടുത്ത എല്ലാ നടപടികളും സ്റ്റേ ചെയ്തിരിക്കുകയാണ്. സർ, ഇപ്പോഴത്തെ സ്ഥിതിയെന്ന് പറയുന്നത് ഈ അസൈൻ ചെയ്തുകൊടുത്തിരിക്കുന്ന ആളുകളുടെ എലിജിബിലിറ്റിയെ സംബന്ധിച്ചിടത്തോളം 41 പേർക്കാണ് അസൈൻ ചെയ്തതെന്നുള്ളതിനെ കൊടുത്തത്. അതിന്റെ എലിജിബിലിറ്റി എന്താണെന്നുള്ളതിനെ സംബന്ധിച്ച് ഒന്നുകൂടി റീ-ചെക്ക് ചെയ്യാൻ പറഞ്ഞ് ജില്ലാ

LIBRARY ARCHIVES Kerala Legislative Assembly